## സൈൽ പദ്ധതി

21 (*21) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് " സൈൽ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഉണ്ട്.

(ബി) വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തരമായി പ്രഥമ ശുശ്രൂഷ നൽകുന്നതിലൂടെ റോഡപകടങ്ങൾമൂലമുള്ള മരണ നിരക്ക് കുറയ്ക്കുക, അപകടത്തിൽപ്പെടുന്നവർക്ക് അംഗവൈകല്യം കുറയ്ക്കുക, വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് പ്രാഥമിക ചികിത്സ നൽകി പരിക്ക് പറ്റിയവരെ എത്രയും പെട്ടെന്നുതന്നെ ആശുപത്രിയിൽ എത്തിച്ച് അത്യാഹിതങ്ങൾ കുറയ്ക്കുവഴി വാഹനാപകടത്തിൽപ്പെടുന്നവരെ സഹായിക്കുക എന്നിവയാണ് സൈൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. റോഡപകടങ്ങൾക്ക് ഇരയാകുന്നവർക്ക് പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുക, പ്രാഥമിക ശുശ്രൂഷാ ഉപകരണങ്ങളെപ്പറ്റിയുള്ള അവബോധം പോലീസുദ്യോഗസ്ഥർക്ക് ലഭ്യമാക്കുക, അപകടസമയത്ത് സമയോചിതമായ ഇടപെടലുകൾ നടത്തുവാൻ അവരെ പ്രാപ്തരാക്കുക, പരിക്കേറ്റവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(സി) മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ സ.ഉ.(ആർ.റ്റി.) 782/15/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. വാഹനാപകടത്തിൽപ്പെടുന്നവരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക ചികിത്സ നൽകി ഉടൻതന്നെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ടി ട്രോമാകെയർ ട്രെയിനിംഗ് ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ ഉടൻതന്നെ സ്ഥലത്തെത്തി പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് ഹൈവേ പട്രോൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അപകടങ്ങളെക്കുറിച്ച് വിവരം അറിയിക്കുന്നതിനുവേണ്ടി 1099 എന്ന ട്രോൾ ഫ്രീ നമ്പർ പ്രവർത്തിച്ചുവരുന്നു.

ട്രോമാകെയർ പരിശീലനം ഘട്ടംഘട്ടമായി ട്രാഫിക് പോലീസിനും എ.ആർ. ക്യാമ്പ് അംഗങ്ങൾക്കും ലോക്കൽ പോലീസിനും നൽകുന്നതാണ്. പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഹൈവേ ജാഗ്രതാ സമിതികളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

**ഓപ്പറേഷൻ കുബേര**

**22 (*22)** <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഓപ്പറേഷൻ കുബേര' നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ,

(എ) നടപ്പാക്കിയിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നത് സംസ്ഥാനത്ത് വ്യാപിക്കുകയും ഇതുമൂലം കൂട്ടആത്മഹത്യകൾ ഉണ്ടാകുന്നതും സാമൂഹിക വിപത്തായി കണ്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly